## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3795    25.6.2013- ലെ മറുപടിക്ക്

## നികുതി വകുപ്പിനെ ആധുനികവൽക്കരിക്കാൻ പദ്ധതികൾ

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കടയുടമകൾ രജിസ്ട്രേഷൻ എടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നികുതി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | വാറ്റ് രജിസ്ട്രേഷൻ എടുക്കുവാൻ ബാദ്ധ്യതയുള്ളവർ സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്നതിനായി 'പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹനം' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഏപ്രിൽ 1, 2013 മുതൽ സെപ്റ്റംബർ 30, 2013 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. ഈ പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന വ്യാപാരികളെ മുൻപുള്ള നികുതി ബാദ്ധ്യതയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചില വ്യവസ്ഥകൾക്ക് വിധേയമായി ഇവരുടെ മുൻകാല നികുതി ബാദ്ധ്യതയെപ്പറ്റിയുള്ള അന്വേഷണം ഉണ്ടായിരിക്കുകയില്ല. ഇറക്കുമതിക്കാർ, ഉല്പാദകർ, വർക്ക്സ് കോൺട്രാക്ടർമാർ എന്നിവർക്ക് ഈ പദ്ധതി ബാധകമല്ല. 1/4/2013-ന് മുമ്പ് ആരംഭിച്ച വകുപ്പുതല നടപടി നേരിടുന്ന ഡീലർമാർക്കും ഈ പദ്ധതി ബാധകമല്ല. വ്യാപാരമേഖലയുടെ അഭ്യർത്ഥന മാനിച്ച് വിവിധ കാരണങ്ങളാൽ മുൻ സ്കീമിന്റെ ആനുകൂല്യങ്ങൾ നേടുവാൻ കഴിയാതിരുന്ന ഡീലർമാർക്കുവേണ്ടി 2013-ൽ ഒരു പുതിയ ആംനസ്റ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കേരള പൊതുവില്പന നികുതി നിയമത്തിന്റെ 23 ബി വകുപ്പിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി 31.3.2005 വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുവാനായി കുടിശ്ശികകാർക്ക് ഈ സ്കീം പ്രയോജനപ്പെടുത്താവുന്നതാണ്. ഈ സ്കീമിന്റെ കാലാവധി 31.12.2013 വരെയാണ്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വരുമാനം ലഭ്യമാക്കുന്ന ഒരു വകുപ്പെന്ന നിലയിൽ നികുതി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ബി) | വാണിജ്യ നികുതി വകുപ്പിൽ നികുതി ഭരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. വ്യാപാരികൾക്ക് ഓഫീസിൽ വരാതെ എല്ലാ സേവനങ്ങളും ഓൺലൈൻ വഴി ലഭ്യമാണ്. പുതിയ വ്യാപാരികൾക്ക് ഓൺലൈൻവഴി രജിസ്ട്രേഷനെ ടുക്കുന്നതിനും, ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് റിട്ടേൺ ഫയൽ ചെയ്യുന്നതിനും, നികുതി അടയ്ക്കുന്നതിനും, ഫോമുകൾ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. അതോടൊപ്പം വ്യാപാരികൾക്കാവശ്യമായ **liability certificate, sales permit, exhibition, exchange** മേളകൾക്കുള്ള **certificate** എന്നിവയും ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാണ്. ചെക്ക് പോസ്റ്റ് വഴിയുള്ള ചരക്കു ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി വാഹനം ചെക്ക്പോസ്റ്റിൽ വരുന്നതിനുമുമ്പു തന്നെ ഓൺലൈൻ വഴി ചരക്കു വിവരങ്ങൾ സമർപ്പിച്ച് ഇ-ടോക്കൺ എടുക്കാനും, പ്രസ്തുത ടോക്കൺ ചെക്ക് പോസ്റ്റിൽ കാണിച്ച് വേഗം ക്ളിയറൻസ് നേടാവുന്നതാണ്. വാണിജ്യ നികുതി ഉദ്യോഗസ്ഥർക്ക് വ്യാപാരികൾ സമർപ്പിച്ചിട്ടുള്ള റിട്ടേണുകൾ മറ്റു ചെക്ക് പോസ്റ്റ് രേഖകൾ എന്നിവ കമ്പ്യൂട്ടർ വഴി കാണുന്നതിനും, അവ സ്ക്രൂട്ടിനി ചെയ്യുന്നതിനും സാധിക്കും. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക്പോസ്റ്റിലൂടെ സംസ്ഥാനത്ത് വരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാരപഥം **TIN/PIN** ഡീലർമാരുടെ മൊബൈൽ ഫോണിൽ **Alert Message sms** ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ചെക്ക്പോസ്റ്റ്, തുറമുഖം, എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ എത്തുന്ന ചരക്കുകൾ കമ്പ്യൂട്ടർ മുഖാന്തിരം ഡിക്ളയർ ചെയ്യുവാൻ വ്യാപാരികൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതുമൂലം സമയനഷ്ടവും വ്യാജമായ ചരക്കു കടത്തലും ഒഴിവാകുകയും നടപടികൾ കൂടുതൽ സുതാര്യമാവുകയും ചെയ്യും. മൂല്യവർദ്ധിത നികുതിയ്ക്ക് പുറമെ |

| | | | |
|---|---|---|---|
| | | | ആഢംബര നികുതി, കാർഷികാദായ നികുതി, മണിലെന്റിംഗ് അപേക്ഷകൾ എന്നിവയ്ക്കും ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുന്നോടിയായി നികുതിഭരണ നിർവ്വഹണത്തിൽ സുതാര്യത കൈവരുന്നതിലേക്കായി എല്ലാ വ്യാപാരികളുടെയും പാൻ നമ്പർ ശേഖരിച്ച് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ